പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3409 — 19.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥാവകാശ കൈമാറ്റം സംബന്ധിച്ച നിർദ്ദേശം

**ചോദ്യം** — ശ്രീ.കെ.എം.ഷാജി

**മറുപടി** — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥാവകാശം സ്വകാര്യ മേഖലയ്ക്കോ സൊസൈറ്റികൾക്കോ ഗ്രൂപ്പുകൾക്കോ കൈമാറണമെന്ന് സുശീൽഖന്നയുടെ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥാവകാശം സ്വകാര്യ മേഖലയ്ക്കോ സൊസൈറ്റികൾക്കോ ഗ്രൂപ്പുകൾക്കോ കൈമാറണം എന്ന് സുശീൽഖന്നയുടെ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടില്ല. |
| (ബി) | ഒട്ടുമിക്ക സംസ്ഥാനങ്ങളിലെയും പോലെ, നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുഗതാഗത സർവ്വീസുകളുടെ ഉടമസ്ഥാവകാശം ഇത്തരത്തിലുള്ള ഏതെങ്കിലും വിഭാഗത്തിന് കൈമാറാതെ പൊതുവിഭാഗത്തിൽ തന്നെ നിലനിർത്തുന്ന രീതി സംസ്ഥാനവും മാതൃകയാക്കുമോ; വ്യക്തമാക്കുമോ? | (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുഗതാഗത സർവ്വീസുകളുടെ ഉടമസ്ഥാവകാശം മറ്റാർക്കെങ്കിലും കൈമാറാൻ നിലവിൽ തീരുമാനം എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**